**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 481** **09-07-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ്പ് വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി -യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റത്തെ പിന്തുണച്ച് വരുന്നു. തുടക്കത്തിൽ Seed Fund പദ്ധതിവഴി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം ലഭ്യമാകുകയും ഒപ്പം തന്നെ Business Incubation Center-കൾക്കു സ്ഥലം നൽകുകയും ചെയ്തിരുന്നു. തുടർന്ന് ഇപ്പോൾ Scale-upനായി Start-upകൾക്കുള്ള ധനസഹായം ഒരു കോടി രൂപവരെ അനുവദിക്കുന്നുണ്ട്.<br><br>കെ.എസ്.ഐ.ഡി.സി ഇതുവരെ കേരളത്തിലുടനീളം 165 സ്റ്റാർട്ടപ്പുകൾക്കായി 40.06 കോടി രൂപ സ്റ്റാർട്ടപ്പ് വായ്പയായി അനുവദിക്കുകയും അതിൽ 121 സ്റ്റാർട്ടപ്പുകൾക്ക് 24.48 കോടി രൂപ വായ്പ നൽകുകയും ചെയ്തു. ഈ സ്റ്റാർട്ടപ്പുകളിൽ 27 എണ്ണം അവരുടെ വായ്പ പൂർണ്ണമായും തിരിച്ചടക്കുകയും ചെയ്യുകയുണ്ടായി.<br><br>സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി-യുടെ 2 വായ്പ പദ്ധതികൾ (സീഡ് ഫണ്ട് അസ്സിസ്റ്റൻസ്, സ്കെയിൽ അപ്പ് സപ്പോർട്ട്) വിശദാംശങ്ങൾ താഴെ പറയുന്നു<br><br>***സീഡ് ഫണ്ട് അസ്സിസ്റ്റൻസ്:-*** കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവ സംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി ഇരുപത്തഞ്ചുലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭ |

തുടങ്ങുന്നതിനാവശ്യമായ ഇരുപത്തഞ്ചുലക്ഷം രൂപ വരെ നിലവിൽ 6.75% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു.

**സ്കെയിൽ അപ്പ് സപ്പോർട്ട് :** മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്കെയിൽഅപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം 100 ലക്ഷം രൂപ വരെ നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു.

കെ.എസ്.ഐ.ഡി.സി നിലവിൽ 2024-25 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ട് അപ്പുകൾക്ക് ഒരു കോടി രൂപ വരെ ധനസഹായം നൽകുന്ന സ്കെയിൽ അപ്പ് പദ്ധതിക്കാണ് പ്രാധാന്യം നൽകുന്നത്. സംസ്ഥാനത്തെ കരുത്തുറ്റ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് കെ.എസ്.ഐ.ഡി.സി സ്കെയിൽ അപ്പ് കോൺക്ലേവ് നടത്തുകയുണ്ടായി. പ്രസ്തുത കോൺക്ലേവിൽ ലഭിച്ച നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനായി യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കി വരുന്നു.

കേന്ദ്രസർക്കാരിന്റെ DPIIT യുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് നിലവിലെ സ്റ്റാർട്ടപ്പുകളുടെ എണ്ണം 5522 ആണ്. സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായ നിക്ഷേപം 5500 കോടി രൂപയാണ്. സ്റ്റാർട്ടപ്പുകളിലൂടെ ലഭ്യമായ തൊഴിലവസരം 55000ലധികമാണ്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന സ്റ്റാർട്ടപ്പ് റാങ്കിംഗിൽ 2018, 2019, 2020 വർഷങ്ങളിലെ ടോപ് പെർഫോർമർ ആയും 2022 ലെ റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമറായും കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനും മുൻനിർത്തിയുള്ള സംസ്ഥാന സർക്കാരിന്റെ വ്യാവസായിക നയത്തിലും രാജ്യത്തെ വികസിതമായ സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയെന്നത് പ്രഥമ ലക്ഷ്യങ്ങളിലൊന്നാണ്. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (സി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ